പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 229 28-10-2026-ൽ മറുപടിയ്ക്ക്

പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കിടയിൽ വിദ്യാഭ്യാസത്തിന്റെ ഗുണപരമായ വ്യാപനം ലക്ഷ്യമിട്ട് ഡിജിറ്റൽ പഠന സംരംഭങ്ങൾ, വിദ്യാഭ്യാസ സഹായ പദ്ധതികൾ, മാതാപിതാക്കൾക്കായുള്ള ബോധവൽകരണ-പ്രചോദനാത്മക പരിപാടികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; അറിയിക്കാമോ;

മറുപടി: പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് സ്കോളർഷിപ്പ് - 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റ്, എഡ്യുക്കേഷൻ എയ്ഡ്, ഫീസ് റീഇംബേഴ്സ്മെന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, വിദ്യാലയ വികാസ് നിധി എന്നീ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - എല്ലാ അംഗീകൃത പോസ്റ്റ് മെട്രിക്കുലേഷൻ/ പോസ്റ്റ് സെക്കൻഡറി കോഴ്സുകളിലും മെറിറ്റ്/ റിസർവേഷനിൽ പ്രവേശനം നേടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നു.

3) സെഷ്യൽ ഇൻസെന്റീവ്- വിവിധ അംഗീകൃത കോഴ്സുകളിൽ മികച്ച വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നു.

4) ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പ് - 5, 8 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

5. ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം- വിവിധ അംഗീകൃത കോഴ്സുകളിൽ ഒന്നാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു.

6. എഞ്ചിനീയറിംഗ് /മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവിനായി ഗ്രാന്റ് അനുവദിക്കുന്നു.

7. സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജുകളിൽ നൃത്ത സംഗീത വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും വാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

8. ഉന്നതി ഓവർസീസ് സ്കോളർഷിപ്-

വിദേശ രാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയ്ക്ക് തത്തുല്യമായ ഗ്രാജ്വേറ്റ് കോഴ്സുകൾ എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾ പഠിക്കുന്നതിന് ODPEC മുഖേന സ്കോളർഷിപ്പ് നൽകുന്നു.

9. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം-

സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്ടു, ഡിഗ്രി, പി.ജി, കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത, പട്ടിക ജാതി / മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ആനുകൂല്യങ്ങൾ നൽകുന്നു.

10. വിഷൻ, വിഷൻ പ്ലസ്- +1, +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനിയറിംഗ് എൻട്രൻസ് പരീക്ഷ പരിശീലനം

11. 1ാം വർഷ എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

12. സ്മാർട്ട് പഠനമുറികൾ- 8 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് പഠനമുറികൾ നിർമ്മിക്കുന്നതിന് പരമാവധി 2.50 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു.

13. വിദ്യാവാഹിനി: പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കുന്ന പദ്ധതി.

14. സാമൂഹ്യപഠനമുറി: ഊരുകളിൽ നിന്നും ദിനംപ്രതി സ്കൂളിൽ പോയിവരുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനൊപ്പം ഫെസിലിറ്റേറ്റർമാർ വഴി ട്യൂഷനും നൽകുന്ന പദ്ധതി.

15. ഗോത്രബന്ധു: വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അത് മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി ആവിഷ്കരിച്ച പദ്ധതി.

16. പട്ടികജാതി വികസന വകുപ്പ് 1000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ വരെ ഉള്ള വീടുകളിൽ താമസിക്കുന്ന കുട്ടികളുടെ പഠന സൗകര്യത്തിനായി പഠനമുറി അനുവദിച്ച് നൽകുന്നുണ്ട്.

കൂടാതെ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.

വിദ്യാർത്ഥികൾക്ക് താമസിച്ച് പഠനം നടത്തുന്നതിന് പ്രീമെട്രിക് - പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുകയും അവിടങ്ങളിൽ പ്രത്യേക ട്യൂഷൻ നൽകുന്നതിനായി ട്യൂട്ടർമാരെ നിയമിച്ചു വരികയും ചെയ്യുന്നു.

<u>മാതാപിതാക്കൾക്കായുള്ള ബോധവൽകരണ–പ്രചോദനാത്മക പരിപാടികൾ–</u>

ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പ് സ്കീം പ്രകാരം തെരഞ്ഞെടുക്കുന്ന വിദ്യാർഥികളെയും രക്ഷകർത്താക്കളെയും ചേർത്ത് ജില്ലാ തലത്തിൽ സംഗമം സംഘടിപ്പിക്കുന്നു. പഠനപ്രവർത്തനങ്ങളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുന്നതിനും ഭാവിയെക്കുറിച്ച് കൃത്യമായ ദിശാബോധം നൽകുന്നതിനും ഉതകുന്ന രീതിയിൽ ഉചിതമായ വ്യക്തിത്വങ്ങളെ പങ്കെടുപ്പിച്ച് ഇന്ററാക്ടീവ് സെഷനുകളും നടത്തുന്നു. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഗയ്ഡൻസ് നൽകുന്നു.

രക്ഷിതാക്കൾക്കുള്ള പ്രോത്സാഹ നധനസഹായം: പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായമായി നൽകുന്നു.

(ബി) സ്മാർട്ട് ക്ലാസ് മുറികൾ, പോഷകാഹാര പദ്ധതികൾ, അഭിരുചി വികസന സംരംഭങ്ങൾ, മത്സരപരീക്ഷകളിൽ മികവ് പുലർത്താനുതകുന്ന പ്രത്യേക പരിശീലനം എന്നിവയിലൂടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ ശാക്തീകരിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> മികച്ച ഗുണനിലവാരത്തിലുമുള്ള വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറികൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ മാനസികവും, ആരോഗ്യപരവുമായ സൂചികകളിൽ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും കുട്ടികൾക്ക് സ്റ്റേറ്റ് ന്യൂട്രിഷിനിസ്റ്റ് അംഗീകരിച്ച് നൽകിയ മെനു പ്രകാരമുള്ള ഭക്ഷണം ലഭ്യമാക്കുന്നുണ്ട്. കുട്ടികൾക്ക് ആധുനിക വിദ്യാഭ്യസത്തിന്റെ സാധ്യതകൾ ഉറപ്പ് നൽകുന്നതിന്റെ ഭാഗമായി 13 സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറികളും, 10 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകളും സ്ഥാപിച്ചിട്ടുണ്ട്.

<u>കരകൗശല പരിശീലനം/മ്യൂറൽ പെയിന്റിംഗ്–</u> Department of Cultural Affairs ന്റെ നിയന്ത്രണത്തിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാഗുരുകുലം മുഖേന കരകൗശല പരിശീലനം, Mural painting എന്നിവയിലെ പരിശീലനം രണ്ട് എം ആർ എസ്സുകളിൽ നടപ്പിലാക്കി വരുന്നു.

സർഗോത്സവം– പട്ടികവഗ്ഗ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും, ഹോസ്റ്റലുകളിലേയും കുട്ടികളുടെ കലാപരവും മാനസിക ഉല്ലാസപരവുമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് വേണ്ടി സർഗോത്സവം സംസ്ഥാനതലത്തിൽ എല്ലാ വർഷവും സംഘടിപ്പിച്ച് വരുന്നു.

കളിക്കളം– മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും, ഹോസ്റ്റലുകളിലേയും കുട്ടികളുടെ കായികപരമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് വേണ്ടി കളിക്കളം സംഘടിപ്പിച്ചു വരുന്നു.

ASAP മായി ചേർന്ന് നൈപുണ്യ പരിശീലനം – മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ കൊമേഴ്സ് ബാച്ചിൽ പഠിയ്ക്കുന്ന പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് അസാപ് - കേരള യുമായി ചേർന്ന് തൊഴിൽപരമായ നൈപുണ്യ പരിശീലനം നൽകി വരുന്നു. വ്യക്തിഗത വളർച്ച, അക്കാദമിക് പ്രകടനം, ഭാവിയിലെ തൊഴിൽ സാധ്യതകൾ, വ്യവസായ ആവശ്യകതകൾക്ക് അനുസൃതമായ കഴിവുകൾ, എന്നിവ വിദ്യാർത്ഥികളിൽ വളർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്.

അക്ഷരോന്നതി– കുട്ടികളിലെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്കൂളുകളിൽ ആധുനിക രീതിയിലുള്ള ലൈബ്രറികൾ സജ്ജീകരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ചുള്ള അക്ഷരോന്നതി പദ്ധതി നടപ്പിലാക്കി വരുന്നു.

എൻട്രൻസ് കോച്ചിംഗ്– +1, +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനിയറിംഗ് എൻട്രൻസ് പരീക്ഷ പരിശീലനം വിവിധ എം.ആർ.എസുകളിൽ എല്ലാ വർഷവും നടത്തി വരുന്നു.

തെരുവ് പദ്ധതി– മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികളിലെ അഭിലാഷങ്ങളും കരിയർ ലക്ഷ്യങ്ങളും ജ്വലിപ്പിക്കുന്നതിനും അവരുടെ വളർച്ചയ്ക്കും വികസനത്തിനുമുള്ള അവസരങ്ങൾ നൽകുന്നതിനും വേണ്ടി സാമൂഹ്യ സന്നദ്ധസേനാ വകുപ്പ്, കേരള യുത്ത് ലീഡർ അക്കാഡമിയും വകുപ്പുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ, കുട്ടികളിലെ കമ്പ്യൂട്ടർ സ്കില്ലുകൾ വികസിപ്പിക്കുന്നതിനായി സി-ഡിറ്റുമായി സഹകരിച്ചുള്ള ഡി സി എ കോഴ്സുകൾ, സാമൂഹ്യ സന്നദ്ധതയുള്ള മറ്റ് സ്ഥാപനങ്ങൾ, കോളേജുകൾ, മറ്റ് സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മറ്റ് പരിശീലന പരിശീലനേതര പ്രവർത്തനങ്ങളും, കൂടാതെ വിദ്യാർത്ഥികളിൽ അച്ചടക്കശീലവും സാമൂഹ്യ പ്രതിബദ്ധതയും പരിപോഷിപ്പിക്കുന്നതിനായി NSS, SPC, NCC യും നടപ്പിലാക്കി വരുന്നു.

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പുതുതലമുറ കോഴ്സുകളും ഡിജിറ്റൽ പഠന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന്റെ പുരോഗതി അറിയിക്കാമോ?

മറുപടി: പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളെ (ITI) ആധുനികവൽക്കരിക്കാനും,

വിദ്യാർത്ഥികൾക്ക് കാലാനുസൃതമായ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതിനും, പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനും ആധുനിക വ്യവസായ ലോകത്ത് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ കോഴ്സുകളും ഡിജിറ്റൽ പഠന സൗകര്യങ്ങളും ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ